MAY 2019

VOLUME 2 : ISSUE 1



# VOICE OF **MOUNT**

St.Thomas Syro Malabar Parish,
St. Thomas Mount
Diocese of Hosur

Indian in culture , Christian in faith , Oriental in Worship




# Voice Of Mount

PARISH NEWSLETTER

Volume 2 : Issue 1

MAY 2019

**ST THOMAS
SYRO MALABAR CHURCH**
6/74-3, North Silver Street
Saint Thomas Mount,
Viswanathapuram,
Gandhi Nagar, Chennai
Tamil Nadu 600016

**MANAGING EDITOR**
Fr Subhish Vattaparamban
+91-9566 250 496

**EDITORIAL BOARD**
Joseph K George
Milju Mathew
Prof. Dr. Kurian Joseph

**DATA PROCESSING**
Jinto John
Jisna Mobin

**LAYOUT & DESIGN**
Adarsh P

**CIRCULATION**
Samson Mathew

## Contents

1 ഇടയ മൊഴി

2 Forgiveness – The Narrow Door To Heaven

3 പത്രോസിന്റെ ഡിഗ്രി

4 Mea Culpa ( എന്റെ പിഴ )

5 Fly High

## ഇടയ മൊഴി

സീറോ മലബാർ സഭയിലെ ആരാധനക്രമത്തിൽ ഉയിർപ്പുകാലം വളരെ പ്രാധാന്യമുള്ള ഒരു കാലഘട്ടമാണ്. മിശിഹായുടെ ഉയിർപ്പ് പാപത്തിന്റെയും മരണത്തിന്റെയും മേലുള്ള അവിടുത്തെ വിജയം പ്രഘോഷിക്കുകയാണ്. അതിലൂടെ അവിടുന്ന് മനുഷ്യർക്ക് പുതുജീവൻ പ്രദാനം ചെയ്തു. രക്ഷകന്റെ ഉത്ഥാനത്തിലൂടെ കൈവന്ന പുതുജീവൻ സ്വന്തമാക്കാനുള്ള ഏഴ് ആഴ്ചകളാണ് ഉയിർപ്പ്കാലം.

ആദിമസഭയിൽ മാമ്മോദീസ നല്കിയിരുന്നത് ഉയിർപ്പ് തിരുനാളിനോടനുബന്ധിച്ചുള്ള ദിവസങ്ങളിലാണ്. വി.പൗലോസ് നമ്മെ അനുസ്മരിക്കുന്നുണ്ട്, മാമ്മോദീസായിൽ നാം അവനോടൊത്ത് സംസ്കരിക്കപ്പെട്ടു. മിശിഹ മരിച്ചതിനു ശേഷം പിതാവിന്റെ മഹത്വത്തിൽ ഉയിർത്തെഴുന്നേറ്റതു പോലെ നാമും പുതു ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്ത് സംസ്കരിക്കപ്പെട്ടത് ( റോമാ 6:4, 5). ഉയിർപ്പു കാലത്തിലെ ആദ്യ ഞായറാഴ്ച പുതുതായി മാമ്മോദീസാ സ്വീകരിച്ചവരുടെ ആഴ്ചയായി മാറ്റി വച്ചിരിക്കുന്നു. അതു കൊണ്ടാണ് ഉയിർപ്പ് തിരുനാൾ കഴിഞ്ഞ് വരുന്ന ഞായറാഴ്ചയെ പുതു ഞായർ എന്നു വിളിക്കുന്നത്. ഈ പുതു ഞായറിൽ, ഭാരതത്തിൽ ക്രൈസ്തവ വിശ്വാസം കൊളുത്തിയ മാർതോമാശ്ലീഹായെ അനുസ്മരിക്കുന്നുമുണ്ട്.

നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹായുടെ വിശ്വാസ പ്രഖ്യാപനത്തിലൂടെ

“എന്റെ കർത്താവേ എന്റെ ദൈവമേ”(യോഹ 20:28) ഈ ഏറ്റു പറച്ചിൽ മനസ്സിലാക്കാൻ ഇന്ന് നമുക്ക് പ്രയാസമില്ല. ഈ വിശ്വാസപ്രഖ്യാപനത്തിന്റെ ആഴം മനസ്സിലാക്കാൻ നാം അന്നത്തെ സാഹചര്യവും മനസ്സിലാക്കേണ്ടതുണ്ട്. മനുഷ്യരോട് കൂടി മനുഷ്യനായി ജീവിച്ച ഒരു വ്യക്തിയെ "ദൈവം" എന്ന് വിളിക്കുന്നത് യഹൂദമത പശ്ചാത്തലത്തിൽ പാപമായിരുന്നു. അതുകൊണ്ടു തന്നെ മനുഷ്യാവതാരം ചെയ്ത ഈശോമിശിഹായെ കർത്താവും ദൈവവുമായി ഏറ്റു പറയുന്നത് അന്നത്തെ സാഹചര്യത്തിൽ ധീരവും അപകടപൂർണവുമായ പ്രഖ്യാപനമായിരുന്നു. തോമാശ്ലീഹായിൽ നിന്നും വിശ്വാസദീപം സ്വീകരിച്ച നമ്മൾ ക്രിസ്തുവിനും ക്രിസ്തീയ മൂല്യങ്ങൾക്കും വേണ്ടി ആത്മാർപ്പണം ചെയ്യാനുള്ള സ്നേഹവും ചൈതന്യവും ഉള്ളിൽ കാത്തുസൂക്ഷിക്കുന്നവരാണോ? ഈ ഉയിർപ്പ് കാലഘട്ടത്തിൽ ശ്ലീഹാ നമ്മെ വിളിക്കുകയാണ്, "നമുക്കും അവനോടു കൂടെ പോയി മരിക്കാം." (യോഹന്നാൻ 11/16) സഭയിൽ മാമോദീസായിലൂടെ നൽകപ്പെട്ട വലിയ ഉത്തരവാദിത്വം ശിരസ്സാ വഹിച്ചു കൊണ്ടു, ലോകത്തിനു മരിച്ചു ക്രിസ്തുവിനു വേണ്ടി മാന്റെ ജീവിച്ചു ഉയിർപ്പ്ന്റെ മഹോത്സവത്തി പുതുജീവൻ നമുക്ക് സ്വന്തമാക്കാം.

എന്തെന്നാൽ കർത്താവ് സത്യമായും ഉയിർത്തെഴുന്നേറ്റു, ഹല്ലേലൂയാ



സ്നേഹത്തോടെ
പ്രാർത്ഥനയോടെ
ഫാ. സുബീഷ് വട്ടപ്പറമ്പൻ

# FORGIVENESS
## - THE NARROW DOOR TO HEAVEN

***Prof.Dr.Kurian Joseph***

Forgiveness is the conscious, deliberate decision to release feelings of resentment or a desire for revenge against someone who has hurt us. It is the small and narrow door to Heaven (Peace and Happiness) that cannot be entered without stooping. Studies have shown that forgiveness reduces rates of anxiety and depression, contributes to better sleep, and lowers blood pressure and cholesterol. Unforgiveness puts a strain on our heart, mind, and body, and, over time, can negatively impact our health.

Forgiveness is a very central part of the Gospel and it is the commandment given to us with two important promises:

- If we forgive others, our sins will be forgiven
  - "If you forgive others the wrong they have done to you, your Father in heaven will also forgive you." (Mathew 6:14)
- Our prayers will be answered when we forgive others.
  - "And when you stand and pray, forgive anything you may have against anyone, so that your Father in heaven will forgive the wrongs you have done."
    (Mark 11:25)

In the Lords prayer, Jesus taught his disciples to pray, "My dear Father, please forgive my offenses against You as I forgive those who have offended me, trampled upon me, and trespassed against me." We ask that "God should forgive our debts in proportion to the forgiveness we extend to others". This is to say, we can determine the measure of the forgiveness that we receive. As we forgive, we are forgiven. Jesus wants us to say, "How utterly absurd that I should

hold anything against another human being when God is willing to forgive me! Because no matter how much anyone owes me, it is in no way to be compared to what I owe God." It further means that forgiveness for my own sins is made impossible, not because God is unmerciful, but because when I hold something against another, I shut out the vision that gives me the faith to accept forgiveness.

Peter came to Jesus and asked, "Lord, how many times shall I forgive my brother when he sins against me? Up to seven times? "Jesus answered, "I tell you, not seven times, but seventy-seven times." (Matthew 18: 21-22) . Jesus tells us that God has a disposition to forgive. Only as we become aware of our inner condition can we express ourselves honestly before God. This means that forgiveness is implied wherever genuine reconciliation occurs. If I can admit that my heart fights to keep certain people outside the boundaries of my love, I can at least begin asking God to help me stretch those boundaries. It may not be spoken, but the inner attitude allowing for reconciliation involves a certain letting go off the past, at least releasing how one has chosen to perceive and relate to the other person in the past.

Pope Francis, while visiting Assisi to mark the 800thanniversary of the Franciscan feast of the Pardon of Assisi, said that "forgiveness" is "our direct route" to Heaven - being forgiven by God and in turn forgiving others. He compared the indebted servant (Matthew 18.21-35) to a penitent coming to confession, asking that his Master have patience with him. "When we are indebted to others, we expect mercy," he said, "but when others are indebted to us, we demand justice! This is a reaction unworthy of Christ's disciples… who have obtained mercy at the foot of the cross solely by virtue of the love of the Son of God." He said, "it becomes ever clearer that the path of forgiveness can truly renew the Church and the world… The world

needs forgiveness; too many people are caught up in resentment and harbour hatred, because they are incapable of forgiving. They ruin their own lives and the lives of those around them rather than finding the joy of serenity and peace."

In Ephesians 4: 26-27, Paul urged the Christians at Ephesus to release their anger and forgive. He wrote, "In your anger do not sin: Do not let the sun go down while you are still angry, and do not give the devil a foothold." Paul encouraged the Ephesians to let go off their anger each day and not to give Satan an opportunity to turn their anger into unforgiveness. It is important to note that Paul does not say that their anger is a sin. The sin he urged them to avoid was ruminating on that anger and allowing it to grow into unforgiveness.

Lent, being the time to reflect on our Christian journey, is the appropriate time to deepen our understanding and practice of forgiveness. Let this Lent be the time for many of us to realize that we are not fit to pray the Lords Prayer, greatest of all prayers that we pray daily, until we have cleared the rubbish from our souls. No more shouting or insults, no more hateful feelings of any sort. Instead, be kind and tender-hearted to one another, and forgive one another, as God has forgiven us through Christ(Ephesians 4:31-32). Then, by God's mercy, we are ready to pray, "Forgive us our debts, as we forgive our debtors." As Jesus prayed, "Forgive them, Father! They don't know what they are doing." (Luke 23:34) and Stephen prayed, "Lord, do not hold this sin against them." (Acts 7:59-60)

# പത്രോസിൻെറ ഡിഗ്രി

- *Jinto John*

ഒരു ഡിഗ്രിപരീക്ഷയുടെ കഥയാണ്. മൂന്ന് വർഷത്തെ കോഴ്സിന് ശേഷം ഈശോയുടെ ശിഷ്യന്മാർ ഒരു വെള്ളിയാഴ്ചയാണ് പരീക്ഷ നേരിട്ടത്. പരീക്ഷ എഴുതിയവർ മൂന്നുപേർ...യോഹന്നാൻ , പത്രോസ്, പിന്നെ യൂദാസും. പരീക്ഷക്ക് മണിയടിച്ചപ്പോൾ ഓടി രക്ഷപെട്ട മറ്റുള്ളവരെ പിന്നീട് ഉടനെയൊന്നും കണ്ടിട്ടില്ല (മാർക്കോസ് 14 :50)

കാൽവരി വരെ ഈശോയെ അനുഗമിച്ച യോഹന്നാൻ ഫസ്റ്റ് റാങ്കിൽ തന്നെ പാസായി. "ദൈവം സ്നേഹമാണ്" എന്ന ഒറ്റ വാക്യത്തിൽ സുവിശേഷം മുഴുവൻ എഴുതി എന്ന നിലയിൽ പിൽക്കാലത്തു അദ്ദേഹം പ്രശസ്തനായി.

യൂദാസ് തോറ്റുപോയി. യൂദാസ് പരാജയപ്പെടാൻ കാരണം ഉത്തരം തെറ്റിയതല്ല!

കാരണം, മൂന്നാമനായ പത്രോസും ഉത്തരം തെറ്റിച്ചു! ചോദ്യപരീക്ഷ നടത്തിയത് മൂന്നംഗ സമിതിയാണ് .

തമാശ ഇതൊന്നുമല്ല... വരാനുള്ള ചോദ്യം ഈശോ നേരത്തെ തന്നെ പറഞ്ഞു കൊടുത്തതാണ്!! (മത്തായി 26:34) ഉത്തരം തെറ്റിയ പത്രോസിനു എങ്ങനെ ഡിഗ്രി കിട്ടി എന്നതാണ് നമുക്കറിയാനുള്ളത്.

തെറ്റുചെയ്തു എന്നുമനസിലാക്കിയ പത്രോസ് ഹൃദയം നൊന്തുകരഞ്ഞു (ലൂക്ക 22: 61-62).

ഇതുവായിക്കുമ്പോൾ നിനക്ക് നിൻെറ കുമ്പസാരക്കൂട് ഓർമ്മവരുന്നെങ്കിൽ അത് യാദൃശ്ചികമല്ല. പല വീരശൂര പരാക്രമികളും കുഞ്ഞുങ്ങളെപോലെ വാവിട്ടുകരയുന്ന ഇടമാണല്ലോ ഓരോ കുമ്പസാരക്കൂടും.

ഇനി നമുക്ക് ഈശോ പത്രോസിനു ഡിഗ്രി കൊടുക്കുന്ന ദിവസത്തിലേക്ക് പോകാം(യോഹന്നാൻ 21:1 -19 ) . ഈ ദിവസത്തിന് മുമ്പും പത്രോസ് ഉത്ഥിതനായ ഈശോയെ കാണുന്നുണ്ട്. ഈശോയെക്കണ്ട സന്തോഷം ഉണ്ടെങ്കിലും ഒരു ഉത്സാഹക്കുറവ് പത്രോസിനുണ്ടായിരുന്നു എന്ന് ഊഹിക്കാം.

പത്രോസും മറ്റു ഏതാനും ശിഷ്യന്മാരും തിബേരിയസ് കടൽത്തീരത്ത്, ഇനി എന്ത് എന്നാലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു. പ്രത്യേകിച്ച് ഉത്തരമൊന്നും കിട്ടാത്തതുകൊണ്ടാകണം, അയാൾ പറഞ്ഞു " ഞാൻ മീൻ പിടിക്കാൻ പോകുകയാണ്".

അതൊരു നല്ല ആശയമാണെന്ന് തോന്നുന്നു. നമ്മളും ജീവിതത്തിൽ ഉത്സാഹരഹിതമായ ഒരു അവസ്ഥയിൽ കടന്നുപോകുമ്പോൾ, അറിവാവുന്ന കാര്യം നന്നായി ചെയ്യുക. ചെറിയ കാര്യങ്ങളിൽ വിശ്വസ്തനാവുക. അപ്പോൾ രക്ഷകൻ നിന്റെ തീരത്തണയും. ഒരു രാത്രിമുഴുവൻ ഒരു ചെറുമീൻ പോലും കിട്ടാതെ വലയെറിഞ്ഞവന്, രക്ഷകന്റെ സാമീപ്യം മൂലം വല കീറുവോളം മത്സ്യം!!

കുമ്പസാരിച്ചു കുർബാന സ്വീകരിക്കണം എന്ന് നാം പറയാറുണ്ട്. ഈശോ തിബേരിയാസ് കടൽത്തീരത്ത് വെച്ച് പത്രോസിനു കുർബാന കൊടുത്തോ എന്ന് പറയാനുള്ള ദൈവശാസ്ത്രമൊന്നും ഇതെഴുതുന്ന ഈയുള്ളവന് അറിയില്ല . എന്നാൽ യോഹന്നാൻ എഴുതിവെക്കുന്ന രണ്ടു വാക്യങ്ങൾ ധ്യാനവിഷയമാക്കേണ്ടതാണ്.

"അത് കർത്താവാണ് എന്ന് അവർ അറിഞ്ഞിരുന്നു. ഈശോ അപ്പമെടുത്തു അവർക്കു കൊടുത്തു ; അതുപോലെ തന്നെ മത്സ്യവും".

ഈശോയെ അറിഞ്ഞ പത്രോസിനു കർത്താവു ഒരു ചോദ്യപരീക്ഷ കൂടെ നടത്തുന്നു.

ചോദ്യം ഇതാണ്, "നീ എന്നെ സ്നേഹിക്കുന്നുവോ?" മൂന്നു ചോദ്യങ്ങൾക്കും മൂന്നുത്തരങ്ങൾക്കുമപ്പുറം പത്രോസ് അജപാലകനായി ഗ്രാജുവേറ്റ് ചെയ്യപ്പെടുന്നു. ഒടുവിൽ പത്രോസിനു ഡിഗ്രി കിട്ടി!!

യൂദാസിന് കിട്ടാത്ത ഡിഗ്രി പത്രോസിനു കിട്ടിയതിനു പിന്നിലുള്ള രഹസ്യം ഹൃദയം നുറുങ്ങിയുള്ള കരച്ചിലാണ്. ഒരു കുമ്പസാരക്കൂടിന്റെ തണലാണ്. അളവില്ലാത്ത ദൈവ കാരുണ്യത്തിനു സ്വയം തുറന്നു കൊടുക്കാനുള്ള എളിമയും ഹൃദയപരമാർഥതയുമാണ്.

വിഷയം ഡിഗ്രിയും പരീക്ഷയുമൊക്കെ ആയതുകൊണ്ട് വായനക്കാർക്കു ഒരു ചെറിയ ഹോം വർക്ക്....
ലൂക്ക 5 :1 -11 വായിച്ചു നോക്കൂ....

പത്രോസിനു ഡിഗ്രി കോഴ്സിന് അഡ്മിഷൻ കിട്ടിയ കഥയാണ് :)

# Mea Culpa ( എന്റെ പിഴ )

- *Milju Mathew*

ഈയിടെയായി നാം വളരെയധികം കേൾക്കുന്ന ഒരു സംഭവമാണ് ഗാന്ധി വധം..സ്വതന്ത്ര ഭാരതം ഇത്രയധികം ചർച്ച ചെയ്ത വേറൊരു വിഷയം ഉണ്ടെന്ന് തോന്നുന്നില്ല..നിലത്തു വീണു കിടക്കുന്ന രക്തം പുരണ്ട കണ്ണടയും, നിശ്ചലമായ വാച്ചും. ദരിദ്രരെ മനസിലാക്കുവാൻ സ്വയം ദരിദ്രനായ ഒരു വ്യക്തിത്വം..

രണ്ടാമതായി നാം കേൾക്കുന്ന ഒരു വ്യക്തി നമ്മുടെ മാർപാപ്പയാണ്.. ലോകം മുഴുവൻ വിളങ്ങി നിൽക്കുന്ന ആ വ്യക്തി മാർപാപ്പ ആയതിനു ശേഷം പുതിയ പേര് തിരഞ്ഞെടുക്കുവാൻ ഒന്ന് ആലോചിച്ചു..കാരണം പാപ്പയാകുമെന്നു സ്വപ്നത്തിൽ പോലും ഓർത്തിട്ടില്ലാത്ത ആ കാർഡിനാൾ, പറ്റിയ ഒരു പേരും കരുതിയിരുന്നില്ല എന്നതാണ് സത്യം..

അപ്പോഴാണ് ബ്രസീലിൽ നിന്നുവന്ന ഒരു കാർഡിനാൾ പാപ്പയെ കെട്ടിപിടിച്ചു പറഞ്ഞു "never forget the poor". നമ്മുടെ പാപ്പായ്ക്കു ഫ്രാൻസിസ് എന്ന് പേര് സ്വീകരിക്കാൻ രണ്ടാമതൊന്ന് ആലോചിക്കേണ്ടി വന്നില്ല ..

മൂന്നാമതായി നാം ഓർക്കുന്ന ആ വ്യക്തി നമ്മുടെ മരിച്ചുപോയ വിശുദ്ധ ജോൺ പോൾ II മൻ മാർപാപ്പയാണ്. പോളണ്ടിൽ നിന്ന് വന്ന, ഖനി തൊഴിലാളിയായ, ദരിദ്രനായ ഒരു വ്യക്തി..ഈ മൂന്ന് പേരെയും ബന്ധിപ്പിക്കുന്ന ഒരു ഘടകം ദാരിദ്ര്യമാണ്, മറ്റൊരു ഘടകം ഇവരെല്ലാം ഒക്ടോബർ മാസത്തി ഓർമ്മകളാണ്. കൂടാതെ ഇവരുടെ എറ്റു പറചിലുകൾ കേട്ട് ലോകം ആശ്ചര്യപ്പെട്ടു നിന്നതുമാണ്.. ഈ നോമ്പുകാലം എറ്റു പറച്ചിലി യും നാളുകളാണ്..

ലോകത്തിലെ ആദ്യത്തെ ലക്ഷണമൊത്ത ആത്മകഥയായി

അറിയപ്പെടുന്നത്. വി.അഗസ്ത്യന്റെ "the confessions" ആണ്. ഏറ്റു പറച്ചിലുകളുടെ കഥ എന്നാണ് അത് അറിയപ്പെടുന്നത്. ഒരുപക്ഷെ ഒരു ആത്മകഥാ പാരമ്പര്യം തുടങ്ങുന്നതു തന്നെ ഈ പുസ്തകതിനു ശേഷമാണ്

ഗാന്ധിജിയുടെ ആത്മകഥയിൽ , എന്റെ സത്യന്വേഷണ പരീക്ഷണങ്ങളിൽ, എന്തൊരു തുറന്നുള്ള ഏറ്റു പറച്ചിലുകളാണ് ഉള്ളത്..തന്റെ അച്ഛൻ മരിക്കാൻ കിടക്കുന്ന സമയത്തുപോലും തന്റെ ശരീര കാമനകളെ തേടി പോയ ഗാന്ധിജി, ഒരു തുറന്ന ഏറ്റു പറച്ചിലിലൂടെ തന്റെ പുസ്തകത്തിൽ " തന്റെ ഇരട്ട ലജ്ജ (my double shame)എന്ന തലകെട്ടിൽ ഒന്നര പേജിൽ എഴുതിവെച്ചിരിക്കുന്നു..വേണമെങ്കിൽ ഈ ഭാഗം ഒഴിവാക്കാമായിരുന്നു ഗാന്ധിജിക്ക് തന്റെ ആത്മകഥയിൽനിന്ന് .

അസ്സീസിയിലെ ഫ്രാൻസിസിന്റെ "ഒടുവിലത്തെ ഉടമ്പടി (last testament)" ആരംഭിക്കുന്നത് തന്നെ " ഞാൻ പാപത്തിലായിരുന്നപ്പോൾ (when I was in sin)" എന്ന് പറഞ്ഞു കൊണ്ടാണ്. ഞാൻ മനുഷ്യനെ കൊന്നിരുന്നു എന്ന് പറഞ്ഞ ഫ്രാൻസിസിനെ ശിഷ്യരും കേൾവിക്കാരും ഞെട്ടലോടെയാണ് ശ്രവിച്ചത്.. നടന്നു പോകുന്ന വഴിയിൽ ഒരു പുഴുവിനെ കണ്ടാൽ ചവിട്ടാതെ സുരക്ഷിതമായി മാറ്റി വച്ചിട്ട് നടന്നു പോകുന്ന ഒരുവൻ, പുലരിയിൽ തെളിഞ്ഞു നിൽക്കുന്ന ഒരു വഴി വിളക്ക് പോലും അണക്കാൻ മടിക്കുന്നവൻ, അല്ലെങ്കിൽ അത് പോലും ഒരു തരം മരണം എന്ന് കരുതുന്ന ഒരു വ്യക്തിയാണ് താൻ കൊലപാതകിയാണെന്നു ഏറ്റു പറഞ്ഞിരിക്കുന്നത്..അത് ചെറുപ്പകാലത്തു പട്ടാളത്തിൽ ചേർന്ന ജോലിയുടെ ഭാഗമായിട്ടു കൊന്നതാണെങ്കിൽ പോലും. ജീവിക്കുമ്പോൾ തന്നെ വിശുദ്ധനെന്നു കരുതിയിരുന്ന ആ മനുഷ്യന് വേണമെങ്കിൽ ഈ ഏറ്റു പറച്ചിൽ ഒഴിവാക്കാമായിരുന്നു..

ഇനി നമ്മുടെ സ്വന്തം ജോൺ പോൾ പപ്പായുടെ പ്രശസ്തമായ ഏറ്റു പറച്ചിൽ "mea culpa (എന്റെ പിഴ)"..

മര കുരിശ് നെറ്റി തടത്തിൽ ഇടിച്ചിടിച്ചു mea culpa, mea culpa എന്ന് ലോകത്തോട് പാപ്പാ ഏറ്റു പറഞ്ഞ അദ്ദേഹത്തിന്റെ ഏഴു സങ്കടങ്ങൾ. സഭയുടെ വിഭാഗീയത, ഇതര മതങ്ങളോട് കാണിച്ച അനാദരവ്, സ്ത്രീകളോട് കാണിച്ച വിവേചനങ്ങൾ, സഭയുടെ അഹന്ത..പിന്നെ എന്തെല്ലാമോ കുറെ കാര്യങ്ങൾ..

എന്തിനാണ് ഇവരെല്ലാം ഇങ്ങനെ ഏറ്റു പറയുന്നത് ??. ഏറ്റു പറച്ചിലുകളുടെ മനഃശാസ്ത്രം എന്താണ്? ഏറ്റു പറച്ചിലുകളുടെ, കുമ്പസാരത്തിന്റെ ദൈവശാസ്ത്രം എന്താണ്? ഇതൊരു ഭാരങ്ങൾ ഇറക്കിവെക്കുവാനുള്ള ഒരു ഭാരം താങ്ങിയാണോ? പ്രയാസങ്ങളെ ഊതിവിടുവാനുള്ള ഒരു ജനാലയാണോ?

എം ടി വാസുദേവൻ നായരുടെ വാരാണസി എന്ന പുസ്തകത്തിൽ, ക്ഷേത്രങ്ങൾ സന്ദർശിച്ചു നടക്കുന്ന പുരുഷനും സ്ത്രീയും..എപ്പോഴോ ഈ സ്ത്രീ പുരുഷനോട് പറയുന്നുണ്ട് "നമ്മുടെ ക്ഷേത്രങ്ങൾക്ക് ഒരു കുഴപ്പമുണ്ട്..അവിടെ കുമ്പസാരകൂടുകൾ ഇല്ലാ".

ഉള്ളിന്റെയുള്ളിൽ എല്ലാ മനുഷ്യരും ഏറ്റു പറയുവാൻ ഒരു ഇടവും, ക്ഷമിക്കുന്ന മനുഷ്യരെയും എല്ലായിടത്തും തേടുന്നുണ്ട്. ഏറ്റു പറച്ചിലുകളിലൂടെ നമുക്ക് തരുന്ന സംരക്ഷണമാണ് കുമ്പസാരം. പഴയനിയമത്തിലും പുതിയ നിയമത്തിലും കാണുന്ന നിരവധി ഏറ്റു പറച്ചിലുകൾ, വേണമെങ്കിൽ ഒന്ന് വിചിന്തനം ചെയ്യാം.

കായേന്റെ ഏറ്റുപറച്ചിൽ..അധാർമികതയാണ് അവൻ പ്രവർത്തിച്ചതെങ്കിലും, തന്റെ തെറ്റു ഒളിപ്പിക്കുവാൻ അവൻ ശ്രമിച്ചു, കയ്യോടെ പിടിക്കപ്പെട്ട അവൻ ഇനി തനിക്ക് രക്ഷയില്ല എന്ന് മനസ്സിലാക്കി ദൈവത്തോടു ഏറ്റു പറയുന്ന ഒരു രംഗമുണ്ട് .." ഇനി എനിക്ക് രക്ഷയില്ല, എന്നെ കാണുന്നവരൊക്കെ കൊല്ലുവാൻ ശ്രമിക്കും, ഞാൻ അവസാനത്തോളം അലയുന്നവനായിരിക്കും.."കൃത്യമായ കുമ്പസാരം..ഇതിനു ശേഷം ദൈവം അവനെ അവസാനത്തോളം സംരക്ഷിക്കുന്നതായി നാം

വായിക്കുന്നു..ദൈവം അവന്റെ കാവൽക്കാരനായി അവന്റെ കൂടെ നടക്കുന്ന ഒരു കാഴ്ച..കുമ്പസാരത്തിലൂടെ ദൈവം നമുക്ക് നൽകുന്ന ഒരു സുരക്ഷിതത്ത്വം ഉണ്ട്...അതു നാം അനുഭവിക്കണം.

പിന്നെയുമുണ്ട് ഏറ്റുപറച്ചിലുകൾ..യാക്കോബും, ഏശാവും. സഹോദരനെ പറ്റിച്ചു സ്വത്തു കാരസ്ഥമാക്കിയ യാക്കോബ്. ഏശാവ്നെ അഭിമുഖീകരിക്കാൻ കഴിയാതെ ഒളിച്ചോടിയ യാക്കോബ്, പിന്നീടുണ്ടായ പാലകാര്യങ്ങളിൽ പ്രചോദനം ഉൾക്കൊണ്ട് തന്റെ സഹോദരനെ എങ്ങനെങ്കിലും കണ്ടുമുട്ടുവാൻ ആഗ്രഹിക്കുന്നു. ഒരു പക്ഷെ ഏശാവ് നൽകുന്ന എന്ത് ശിക്ഷയും ഏറ്റു വാങ്ങുവാൻ യാക്കോബ് തയ്യാറായിരുന്നു. പക്ഷെ തന്നെ കണ്ടപാടെ വന്നു കെട്ടിപിടിച്ച നിലവിളിച്ച ഏശാവിനോട് ഉള്ളിൽ നിലവിളിച്ചു കൊണ്ട് യാക്കോബ് പറഞ്ഞു, " ഇപ്പോൾ നിന്റെ മുഖം ദൈവത്തെ പോലെയുണ്ട്"..പിന്നെ ദാവീദിന്റെ ഏറ്റു പറച്ചിൽ, സങ്കീർത്തനങ്ങളിലൂടെയുള്ള ഏറ്റു പറച്ചിലുകൾ..

പുതിയനിയമത്തിലേക്കു വന്നാൽ പത്രോസിന്റെ തിബരിയസിൽ വച്ചുള്ള ഏറ്റു പറച്ചിൽ. ഈശോയുടെ സാമിപ്യം പത്രോസിന് സ്വയം അഭിമുഖീകരിക്കുവാൻ പ്രേരിപ്പിച്ചു. അവൻ ആ മണൽതീരത്തു മുട്ടുകുത്തി ഏറ്റു പറഞ്ഞു "ഞാൻ പാപിയാണ് ഈ തീരം പാപത്തിന്റെ യും.". പത്രോസിന് ഉണ്ടായ രക്ഷ സുവിശേഷത്തിന്റെ വെളിച്ചത്തിൽ നാം കാണുന്നുണ്ട്..പിന്നീട് സക്കേവൂസ്സിന്റെ ഏറ്റു പറച്ചിൽ, അവസാനം കാൽവരിയിൽ അവനന്റെ കൂടെ കുരിശിൽ തറക്കപ്പെട്ട നല്ല കള്ളനോട്, അവനന്റെ ഏറ്റുപറച്ചിലിനോടുവിൽ തന്നെ പറുദീസ വാഗ്ദാനം ചെയ്ത ഈശോ..
നല്ല കുമ്പസാരം നമ്മുക്ക് രക്ഷയിലേക്കുള്ള വഴിയാണ്. സ്വയം അഭിമുഖീകരിക്കാൻ ശ്രമിക്കുക എന്നതാണ് ഏറ്റുപറച്ചിലിന്റെ മനഃശാസ്ത്രം..
കുമ്പസാരാത്തിലൂടെയുള്ള രക്ഷ അതിന്റെ ദൈവശാസ്ത്രവും.

## ARE YOU INTERESTED TO KNOW SOME FACTS ABOUT THE BIBLE...??

--- JISNA MOBIN

1. The Bible was written in three languages - Those are Hebrew, Aramaic, and Greek.
2. The longest book of the Bible is Jeremiah
3. The shortest book of the Bible is 3 John
4. The book of James is the bossiest book of the Bible.
5. The Bible was written by more than 40 traditional authors.
6. The Bible was written by people from diverse occupational backgrounds.
7. The books of the Old Testament are arranged differently in Judaism.
8. Some of the "First" and "Second" books were divided after they were written.
9. The authorship of Hebrews has remained anonymous for centuries.
10. The Bible is about 611,00 words long - it's interesting that the Bible is longer than Moby Dick.
11. The word "Trinity" is never mentioned in the Bible.
12. There are 21 dreams recorded in the Bible.
13. There are at least 185 songs in the Bible.
14. The Bible was written on three continents - Asia, Africa, and Europe.
15. The Bible says that the Earth is suspended in space.
    "Job 26:7 God stretches the northern sky over empty space and hangs the earth on nothing."
16. The full Bible has been translated into 532 languages. It has been partially translated into 2,883 languages.
17. The longest verse in the Bible is Esther 8:9.
18. The longest word in the Bible is "Mahershalalhashbaz" (Isaiah 8:3).
19. No original writings of the Bible exit.
20. The Bible doesn't mention how many wise men visited Christ, only that they brought three types of gifts: gold, frankincense, and myrrh.
21. The Bible is the best-selling book in history.
22. The last word in the Bible is Amen.
23. China is the largest producer of Bibles.
24. The shortest verse in the Bible is John 11:35, which states, "Jesus wept".
25. There are no contradictions in the Bible. When looking at the Bible as a whole and understanding its teachings there are no contradictions. This is amazing when one considers that the Bible was written over such a long period of time.

# KIDS CORNER




She will bear a son
and you shall call his name
Jesus
for he will save his people
FROM THEIR SINS
Evana Thomas

# OUTREACH
## by Parish Youth





# PILGRIMAGE
## TO SEVEN CHURCHES IN DIOCESES



# VOICE OF
# MOUNT

St.Thomas Syro Malabar Parish,

6/74-3 North Silver Street, St. Thomas Mount,
Chennai - 600 016